**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.710** **04/02/2020 ൽ മറുപടിക്ക്**

**ശബരിമലയിലെ ആചാര സംരക്ഷണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.എം. വിൻസെന്റ്**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീമതിഷാനിമോൾ ഉസ്മാൻ** | **കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ ആചാരാനുഷ്ഠാന സംരക്ഷകരായി മാറുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ശബരിമലയിലെ ആചാരം സംരക്ഷിച്ചും ഹൈന്ദവ വിശ്വാസ താൽപ്പര്യം മാനിച്ചും സുപ്രീംകോടതിയിൽ നയം വ്യക്തമാക്കുമെന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രഖ്യാപനം കഴിഞ്ഞ വർഷത്തെ മണ്ഡല-മകര വിളക്ക് കാലത്ത് സ്വീകരിച്ച നടപടികൾക്കുള്ള പ്രായശ്ചിത്തമായി കണക്കാക്കാമോ; | (ബി) | ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള നയമാണ് ദേവസ്വം ബോർഡ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | 2016-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലത്തെ അനുകൂലിക്കുവാൻ നിലവിലെ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ള സത്യവാങ്മൂലം നൽകി ശബരിമല ഭക്തരുടെ വിശ്വാസ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഇപ്പോൾ സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നോട്ടീസ് ലഭിക്കുകയോ എതിർ സത്യവങ്മൂലം ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. 2016-ൽ അന്നത്തെ ബോർഡ് കൊടുത്ത സത്യവാങ്മൂലത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ ഇപ്പോഴത്തെ ബോർഡ് യാതൊരു തീരുമാനമെടുത്തിട്ടില്ലെന്നും ഭക്ത ജനങ്ങളുടെ താല്പര്യം സംരക്ഷിച്ചു കൊണ്ടുള്ള തീരുമാനം മാത്രമേ ബോർഡ് കൈക്കൊള്ളുവെന്നും ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ